(സി) ഉണ്ട്.

(ഡി) ഉണ്ട്. ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ കിടക്കുന്ന മലയാളി സ്ത്രീകളുടെ മോചനത്തിനായി അതാത് രാജ്യത്തെ നയതന്ത്ര കാര്യാലയ ങ്ങളുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) വിദേശരാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ സംബന്ധമായ വിവരങ്ങൾ അന്വേഷിക്കുന്നതിനും, ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ

26 [1705] *പ്രൊഫ. കെ. വി. തോമസ്*: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്ന പരിഹാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക്, കൊച്ചി നഗരത്തിലെ സഹോദരൻ അയ്യപ്പൻ റോഡിന്റെ വീതി കൂട്ടുന്ന നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വൈറ്റിലവഴി നഗരത്തിലേക്ക് പ്രവേശിക്കുന്ന ദീർഘദൂര ബസ് സർവ്വീസ് കടവന്ത്ര കലൂർ റോഡേ തിരിച്ചുവിട്ടും, തിരക്കുള്ള ഭാഗങ്ങളിൽ നോപാർക്കിംഗ് സമ്പ്രദായം വരുത്തിയും, തിരക്കുള്ള ജംഗ്ഷനിൽ 'ഫ്രീലിഫ്റ്റ്' സമ്പ്രദായം വരുത്തിയും, ജംഗ്ഷനുകളിൽ ഇലക്ട്രോണിക് സിഗ്നൽ സമ്പ്രദായം നട പ്പിലാക്കിയും തിരക്കനുസരിച്ച് ട്രാഫിക്ക് പോലീസിനെ നിയമിച്ചും മറ്റും പ്രശ്ന ങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ആരാധനാലയങ്ങൾ നിർമ്മിക്കാൻ അനുമതി

27 [1707] *ശ്രീ. ടി. എൻ. പ്രതാപൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരാധനാലയങ്ങൾ പണിയുന്നതിന് ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly